"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - തിരുവനന്തപുരം ജില്ല - മുതലപ്പൊഴിയിൽ മണൽമൂടിയത് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത 2433 മത്സ്യത്തൊഴിലാളികൾക്ക് 91 ദിവസത്തെ തൊഴിൽ നഷ്ടത്തിന് MGNREGS നിരക്ക് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നഷ്ടപരിഹാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

**സ.ഉ.(കൈ) നം.158/2026/RD തീയതി,തിരുവനന്തപുരം, 15-03-2026**

---

പരാമർശം:-
1. സ.ഉ(സാധ)നം.476/2023/RD തീയതി 29.01.2023.
2. ഫിഷറീസ് ഡയറക്ടറുടെ 18.07.2025, 17.01.2026 തീയതികളിലെ DFTVM/1638/2025-G2 നമ്പർ കത്തുകൾ.

**ഉത്തരവ്**

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ചാനലിൽ മണ്ണടിഞ്ഞ് പൊഴി അടഞ്ഞതിനെ തുടർന്ന് മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെ വന്ന പുത്തൻതോപ്പ്, ചിറയിൻകീഴ് മത്സ്യഭവനുകളുടെ കീഴിൽ വരുന്ന 2433 മത്സ്യത്തൊഴിലാളികൾക്ക് 12-04-2025 മുതൽ ആകെ 91 ദിവസം മത്സ്യബന്ധനത്തിന് പോകാൻ കഴിഞ്ഞിട്ടില്ലെന്നും ടിയാളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരമായി MGNREGS റേറ്റ് പ്രകാരം ധനസഹായം നൽകുന്നതിന് ആകെ 7,94,83,677/- രൂപ (ഏഴ കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി എൺപത്തി മൂന്നായിരത്തി അറുന്നൂറ്റി എഴുപത്തി ഏഴ് രൂപ മാത്രം) (2433 x ₹359 x 91) ആവശ്യമാണെന്ന് പരാമർശം (2) പ്രകാരം ഫിഷറീസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ കാലാവസ്ഥാ വ്യതിയാനം മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട 1,66,756 registered സമുദ്ര അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് ഒരു ദിവസം 200/- രൂപ നിരക്കിൽ 15 ദിവസത്തേക്ക് ഒരാൾക്ക് 3,000/- രൂപ നഷ്ടപരിഹാരം അനുവദിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച 50.027 കോടി രൂപയിൽ ഫിഷറീസ് ഡയറക്ടറുടെ TSB അക്കൗണ്ടിൽ ശേഷിക്കുന്ന 6.6497 കോടി രൂപ വിനിയോഗിക്കുന്നതിനും ടി 6.6497 കോടി രൂപയ്ക്ക് പുറമേ വേണ്ടി വരുന്ന തുകയായ ₹1,29,86,677/- രൂപ (ഒരു കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എൺപത്തിയാറായിരത്തി അറുന്നൂറ്റി എഴുപത്തിയേഴ രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഫിഷറീസ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയിൽ മണൽമൂടിയത് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത 2433

മത്സ്യത്തൊഴിലാളികൾക്ക് 91 ദിവസത്തെ തൊഴിൽ നഷ്ടത്തിന് MGNREGS നിരക്ക് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരമായി 1,29,86,677/- രൂപ (ഒരു കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എൺപത്തിയാറായിരത്തി അറുന്നൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) അനുവദിച്ചുകൊണ്ടും, ഫിഷറീസ് ഡയറക്ടറുടെ TSB അക്കൗണ്ടിൽ ശേഷിക്കുന്ന 6.6497 കോടി രൂപ ഇതേ ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

3) ഈ ഇനത്തിൽ വിതരണത്തിനായി ആവശ്യമായി വരുന്ന 6.6497 കോടി രൂപ യ്ക്ക് പുറമേയുള്ള 1,29,86,677/- രൂപ (ഒരു കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എൺപത്തിയാറായിരത്തി അറുന്നൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ഫിഷറീസ് ഡയറക്ടറുടെ *STSB A/C: 701011400000189, Project- Director of Fisheries, District Treasury, Thiruvananthapuram* എന്ന അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്. ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാകളക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്.

പൊതുഭരണ (എസ്.സി) വകുപ്പ് (14.03.2026 ലെ മന്ത്രിസഭയോഗ തീരുമാനം ഇനം നം.4006 )

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (REV-DRF-A1/15/2026-REV)

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 15-03-2026 15:41:36

സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.-എ1/15/2026/റവ. ഇനം നം: 4006

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - തിരുവനന്തപുരം ജില്ലയിൽ മുതലപ്പൊഴിയിൽ മണൽ മൂടിയതു കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് MGNREGS റേറ്റ് പ്രകാരം ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

4006

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ-ഡി.ആർ.എഫ്.-എ 1/15/2026-റവ. |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - തിരുവനന്തപുരം ജില്ലയിൽ മുതലപ്പൊഴിയിൽ മണൽ മൂടിയത് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് MGNREGS റേറ്റ് പ്രകാരം ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12.03.2026 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ?<br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | അതെ<br>ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.03.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 14.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭയുടെ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയിൽ മണൽ മൂടിയത് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് MGNREGS റേറ്റ് (മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി) പ്രകാരം ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) മുതലപ്പൊഴിയിൽ മണൽ മൂടിയത് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികളുടെ വിവര ശേഖരണം നടത്തിയതിൻപ്രകാരം പുത്തൻതോപ്പ്, ചിറയിൻകീഴ് മത്സ്യഭവനുകളുടെ കീഴിൽ ആകെ 2433 പേർക്ക് 12-04-2025 മുതൽ ആകെ 91 ദിവസം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ട ഒരു ദിവസത്തേയ്ക്ക് MGNREGS റേറ്റ് പ്രകാരം ഒരാൾക്ക് 359 രൂപ നിരക്കിൽ ആകെ 8,73,447/- രൂപ (2433*359) ധനസഹായമായി നൽകുന്നതിന് ആവശ്യമായിവരുമെന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്രകാരം 2433 മത്സ്യത്തൊഴിലാളികൾക്കുണ്ടായ 91 ദിവസത്തെ തൊഴിൽ നഷ്ടത്തിന് ആകെ 7,94,83,677/- രൂപ (2433*359*91) നഷ്ടപരിഹാരമായി നൽകേണ്ടതാണ് എന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 2022-23 സാമ്പത്തിക വർഷത്തിൽ കാലാവസ്ഥാ വ്യതിയാനം മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 1,66,756 registered സമുദ്ര അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് (131347 fishermen + 35409 allied fishermen families) ഒരു ദിവസം 200/- രൂപ നിരക്കിൽ 15 ദിവസത്തേക്ക് ഒരാൾക്ക് 3,000/- രൂപ നഷ്ടപരിഹാരമായി സ.ഉ(സാധ)നം.476/2023/Rev തീയതി 29.01.2023 പ്രകാരം അനുവദിച്ച 50.027 കോടി രൂപയിൽ ജില്ലകൾക്ക് വിതരണം ചെയ്ത ശേഷം ഫിഷറീസ് ഡയറക്ടറുടെ ടി. എസ്സ്. ബി. അക്കൗണ്ടിൽ ബാക്കിയുള്ള തുകയും, ജില്ലകൾക്ക് അനുവദിച്ച തുക വിനിയോഗിച്ച ശേഷം കോഴിക്കോട് ഒഴികെയുള്ള ജില്ലാ ഓഫീസർമാർ സറണ്ടർ ചെയ്ത തുകയും ചേർത്ത് നിലവിൽ ആകെ 6.6497 കോടി രൂപ ഫിഷറീസ് ഡയറക്ടറുടെ TSB അക്കൗണ്ടിൽ ബാക്കി നിൽക്കുന്നുണ്ടെന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) 2433 മത്സ്യത്തൊഴിലാളികൾക്ക് 91 ദിവസത്തെ തൊഴിൽ നഷ്ടത്തിന് MGNREGS റേറ്റ് പ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് ഫിഷറീസ് ഡയറക്ടറുടെ TSB അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന 6,64,97,000/- രൂപ ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും ടി ആവശ്യത്തിന് വേണ്ടിവരുന്ന ബാക്കി തുകയായ 1,29,86,677/- രൂപ (ഒരുകോടി ഇരുപത്തിയൊൻപത് ലക്ഷത്തി എൺപത്തിയാറായിരത്തി അറുന്നൂറ്റി എഴുപത്തിയേഴ് രൂപ മാത്രം)

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

5) ഇതു സംബന്ധിച്ച ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

1. 2022-23 സാമ്പത്തിക വർഷത്തിൽ കാലാവസ്ഥാ വ്യതിയാനം മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നഷ്ടപരിഹാരമായി സ.ഉ(സാധ)നം.476/2023/Rev തീയതി 29.01.2023 പ്രകാരം അനുവദിച്ച 50.027 കോടി രൂപയിൽ ഫിഷറീസ് ഡയറക്ടറുടെ ടി. എസ്സ്. ബി. അക്കൗണ്ടിൽ ശേഷിക്കുന്ന തുകയായ 6.6497 കോടി രൂപ തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയിൽ മണൽമൂടിയത് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടത്തിന് MGNREGS റേറ്റ് പ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണോ?

2. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയിൽ മണൽ മൂടിയത് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത 2433 മത്സ്യത്തൊഴിലാളികൾക്ക് 91 ദിവസത്തെ തൊഴിൽ നഷ്ടത്തിന് MNREGS റേറ്റ് പ്രകാരം നഷ്ടപരിഹാരം നൽകുന്ന ആവശ്യത്തിന് വേണ്ടിവരുന്ന ബാക്കി തുകയായ 1,29,86,677/- രൂപ (ഒരുകോടി ഇരുപത്തിയൊൻപത് ലക്ഷത്തി എൺപത്തിയാറായിരത്തി അറുന്നൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) (7,94,83,677-6649700) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാമോ?